"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള ബൈ-ട്രാൻസ്ഫർ നിയമനത്തിനുള്ള അനുപാതം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(അച്ചടി) നം.26/2024/LSGD തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-

1. സ.ഉ (പി) നം. 44/2011/തസ്വഭവ, തീയതി 16.02.2011.
2. സ.ഉ (പി) നം. 74/2022/തസ്വഭവ, തീയതി 27.10.2022.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.09.2023ലെ LSGD/PD/12483/2023-A1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിലെ സെക്രട്ടറി, LSGI തസ്തികയിലേക്ക് 40% നേരിട്ടും ബൈ ട്രാൻസ്ഫർ നിയമനത്തിലെ അനുപാതം ടി ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് നിലവിലുണ്ടായിരുന്ന രീതിയിൽ, നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ അവസാനത്തെ ഉദ്യോഗസ്ഥനും പ്രൊമോഷനാകുന്നതുവരെ തുടരുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ഗ്രാമ വികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് മറ്റ് വകുപ്പുകളിൽ നിന്നുള്ള ബൈ-ട്രാൻസ്ഫർ റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനം നിർത്തലാക്കിയിട്ടുള്ള സാഹചര്യത്തിൽ മുൻ ഗ്രാമവികസന വകുപ്പിലെ ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിലെ അനുപാതം പുനക്രമീകരിച്ച് നല്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു. മിനിസ്റ്റീരിയൽ വിഭാഗം (ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ലാർക്ക്) ജീവനക്കാർക്ക് 16 2/3 ശതമാനം തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്തിരുന്നതായും അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനരീതി ചുവടെ ചേർക്കും പ്രകാരമായിരുന്നു.

(1) By transfer from Joint Block Development Officer, based on the Seniority in the Select List prepared by DPC (Lower).

(2) By transfer from among the qualified Junior Superintendent/ Head Clerk in the Rural Development Department based on the Seniority in the Select List prepared by DPC (Lower).

(3) By transfer recruitment from among the Selection Grade and Senior Grade

Assistants in Administrative, Finance and Legislature Secretariat, KPSC, Advocate General's Office and Legal Assistants in law Department.
(4) Direct Recruitment.
Note:2- The method of appointment of Secretary, Block Panchayat from among the categories coming under items (1) to (4) above shall be in the ratio of 33 1/3%, 8%, 25 1/3%, 33 1/3% respectively.

ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിലെ സെക്രട്ടറി, LSGI തസ്തികയിലേക്ക് 40%നേരിട്ടുള്ള നിയമനം നടത്തേണ്ടതാണെന്ന് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽRule 5 Group I General wing ൽ Sl.No.5 ന്റ ചുവടെയുള്ള Note 1 ൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം മേൽപ്പറഞ്ഞ കാറ്റഗറി (3) (By transfer recruitment from among the Selection Grade and Senior Grade Assistants in Administrative, Finance and Legislature Secretariat, KPSC, Advocate General's Office and Legal Assistants in law Department) പ്രകാരമുള്ള നിയമനം നിർത്തലാക്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ മുൻപ് നിലവിലുണ്ടായിരുന്ന ഗ്രാമ വികസന വകുപ്പിലെ ജീവനക്കാരുടെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള ബൈ-ട്രാൻസ്ഫർ നിയമനത്തിനുള്ള അനുപാതം ചുവടെ ചേർക്കും പ്രകാരം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

(1) By transfer from Joint Block Development Officer, based on the Seniority in the Select List prepared by DPC(Lower) - 43 1/2 %
(2) By transfer from among the qualified Junior Superintendent/ Head Clerk in the Rural Development Department based on the Seniority in the Select List prepared by DPC(Lower) - 16 1/2 %

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/ തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 15-03-2024 17:16:37
സെക്ഷൻ ഓഫീസർ

സ.ഉ.(അച്ചടി) നം.26/2024/LSGD